# വെല്ലുവിളികളും സാധ്യതകളും

**കെ.എ. സിദ്ദീഖ് ഹസൻ**
(അമീർ ജ.ഇ. കേരള)

ജമാഅത്തെ ഇസ്‌ലാമി രൂപം കൊണ്ടിട്ട് അമ്പതു വർഷം പിന്നിട്ടിരിക്കുന്നു. നീണ്ട അമ്പതു വർഷക്കാലത്തെ അനുഭവങ്ങളുടെ വെളിച്ചത്തിൽ ഭാവി സാധ്യതകളെക്കുറിച്ചും വെല്ലുവിളികളെക്കുറിച്ചും പര്യാലോചിക്കുന്നത് സന്ദർഭോചിതമായിരിക്കും. സ്വതന്ത്രഭാരതത്തിന്റെ ചരിത്രത്തിലെ വിധിനിർണ്ണായകമെന്നു വിശേഷിപ്പിക്കാവുന്ന ഒരു സന്ദർഭമാണിത്. ഈ ഘട്ടത്തിൽ ജമാഅത്തെ ഇസ്‌ലാമിടെ കലവറയിൽ നാട്ടിന്റെ ഭാഗധേയം നിർണയിക്കുന്നതിൽ പങ്കുവഹിക്കാവുന്ന വല്ലതുമുണ്ടോ എന്ന് പരിശോധിക്കുന്നത് ഏറെ ഉചിതമായിരിക്കും.

രാജ്യം സ്വാതന്ത്ര്യസമരത്തിന്റെ തീച്ചൂളയിലേക്ക് എടുത്തെറിയപ്പെട്ട സന്ദർഭം. നാട്ടിന്റെ ഭാഗധേയത്തെക്കുറിച്ച ഗൗരവപൂർണ്ണമായ ചർച്ച നാലുഭാഗത്തും നടന്നുകൊണ്ടിരിക്കുന്നു. ഈ ഘട്ടത്തിലാണ് മൗലാനാ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി തന്റേതായ നിർദേശവുമായി മുന്നോട്ടുവന്നത്. ബ്രിട്ടീഷുകാരൻ രാജ്യത്തുനിന്ന് കെട്ടുകെട്ടേണ്ടതുണ്ട്. വിദേശഭരണം എത്രയും വേഗം അവസാനിച്ചേ തീരൂ. എന്നാൽ സാമ്രാജ്യശക്തികളിൽ നിന്ന് മോചനം നേടുകയും ആധിപത്യം സ്വന്തം നാട്ടുകാരുടെ കൈകളിൽ വരികയും ചെയ്യുന്നതുകൊണ്ടു മാത്രം യഥാർഥ സ്വാതന്ത്ര്യം കൈവരികയില്ല. ഭരിക്കുന്ന കൈകൾ മാറുന്നതല്ല സ്വാതന്ത്ര്യം. ഭരിക്കപ്പെടുന്ന വ്യവസ്ഥിതിയാണ് പ്രധാനം. മനുഷ്യന്റെ മേലുള്ള മനുഷ്യാടിമത്തം അവസാനിപ്പിച്ച് സ്രഷ്ടാവിന്റെ മാത്രം അടിമത്വത്തിനു കീഴ്പെടുമ്പോൾ മാത്രമേ യഥാർഥ സ്വാതന്ത്ര്യം കൈവരികയുള്ളൂ. പുതിയ സാഹചര്യത്തിൽ നാട്ടിന്റെ ഭാഗധേയം നിർണയിക്കുന്നതിൽ കേവല ഭൗതികമായ പാശ്ചാത്യൻ സെക്യുലരിസത്തിനോ ദൈവനിഷേധപരമാ സോഷ്യലിസത്തിനോ കാര്യമായ ഒരു സംഭാവനയും ചെയ്യാനില്ല. രാജ്യം നേരിടുന്ന മൗലികപ്രശ്നങ്ങൾക്കുള്ള പരിഹാരം ദൈവിക വ്യവസ്ഥയായ ഇസ്‌ലാം മാത്രമാണ്. ഇതായിരുന്നു മൗലാനാ മൗദൂദി ശക്തിയുക്തം മുന്നോട്ടുവെച്ച നിർദേശം. ഇസ്‌ലാമിനെ കേവലം പൂജാപാട്ടുകളിലും ആരധനാ ചടങ്ങുകളിലും ഒതുക്കിയ യാഥാസ്ഥിക പുരോഹിതവൃന്ദം ഒരു വശത്തും മതവുമായി ബന്ധപ്പെട്ട എല്ലാം പഴഞ്ചനും പിന്തിരിപ്പനുമായി ഗണിച്ചുപോന്ന അഭ്യസ്ത വിദ്യരും ബുദ്ധിജീവികളും മറുവശത്തുമായി മൗലാനാ മൗദൂദിക്കും അദ്ദേഹത്തിന്റെ പ്രസ്ഥാനത്തിനുമെതിരിൽ ശക്താമായ ആക്രമണങ്ങളാണ് അഴിച്ചുവിട്ടത്. മതമേഖലയിൽ നിന്നുള്ള എതിർപ്പുകളോടൊപ്പം ഭരണകൂടത്തിന്റെയും രാഷ്ട്രീയപാർട്ടികളുടെയും എതിർപ്പുകളും വർദ്ധിച്ചുവന്നു. എതിർപ്പുകളുടെ എരിതീയിൽ പിറന്നുവീണ ആ പ്രസ്ഥാനം പക്ഷേ ചിന്തകനും പണ്ഡിതനുമായ മൗലാനയുടെ കരുത്തുറ്റ നേതൃത്വത്തിൻ കീഴിൽ പാറപോലെ ഉറച്ചുനിന്നു. സ്വാതന്ത്ര്യസമരത്തിന്റെ തീവ്രജ്വരത്തോടൊപ്പം വർഗീയകലാപങ്ങളുടെ അഗ്നിജ്വാലകളും വിഭജനത്തിന്റെ വ്രണങ്ങളും പ്രസ്ഥാനത്തെ വല്ലാതെ ഞെക്കിഞെരുക്കുകയുണ്ടായി. എന്നിരുന്നാലും എല്ലാ എതിർപ്പുകളെയും അതിജീവിച്ച് അവിഭക്ത ഭാരതത്തിലെന്നപോലെ സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷവും ജമാഅത്ത് മുന്നോട്ടു നീങ്ങി. ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയെ സംബന്ധിച്ചിടത്തോളം സമർഥനും പരിണതപ്രജ്ഞനും പണ്ഡിതശ്രേഷ്ടനുമായ മൗലാനാ അബുല്ലൈസ് ഇസ്‌ലാഹിയുടെ നേതൃത്വം പ്രസ്ഥാനത്തെ കാറ്റിലും കോളിലും ആടിയുലയാതെ മുന്നോട്ടുനയിച്ചു. ദൈവിക വ്യവസ്ഥയെ ലക്ഷ്യമാക്കി രംഗത്തുവന്ന ജമാഅത്തിന് ഭിന്ന വിരുദ്ധങ്ങളായ ഒന്നിലേറെ ദൗത്യങ്ങൾ ഒരേസമയത്ത് ഏറ്റെടുക്കേണ്ടി വന്നു. ഇസ്‌ലാമിക വ്യവസ്ഥയുടെ സംസ്ഥാപനം എന്ന അതിമഹത്തായ ലക്ഷ്യം ജമാഅത്തിനെ സംബന്ധിച്ചിടത്തോളം കേവലമായ ഒരു രാഷ്ട്രീയ ലക്ഷ്യമായിരുന്നില്ല. വ്യക്തിയുടെ സംസ്കരണം, സമൂഹത്തിന്റെ സംവിധാനം, രാഷ്ട്രത്തിന്റെ പുനർനിർമാണം എന്നിങ്ങനെ നീണ്ട ഘട്ടങ്ങളിലൂടെ മാത്രമേ യഥാർഥ ലക്ഷ്യത്തിലെത്തിച്ചേരാൻ സാധിക്കൂ എന്ന് ജമാഅത്ത് ഉറച്ചുവിശ്വസിച്ചു. ബഹുഭൂരിപക്ഷം അമുസ്‌ലിം സഹോദരന്മാർ ജീവിക്കുന്ന ഇന്ത്യാരാജ്യത്ത് ഇസ്‌ലാമിക വ്യവസ്ഥ സ്ഥാപിക്കാനുള്ള മാർഗം പരിശുദ്ധദീനിന്റെ പ്രബോധനമാണെന്നും നീണ്ട നൂറ്റാണ്ടുകളായി മുസ്‌ലിം ഭരണം നിലനിന്നുപോന്ന ഇന്ത്യയിലെ ജനങ്ങളെ ഇസ്‌ലാമിലേക്ക് ക്ഷണിക്കണമെങ്കിൽ നിലവിലുള്ള സമുദായത്തിന്റെ ജീർണതകളും തള്ളിപ്പറയേണ്ടതുണ്ടെന്നും ജമാഅത്ത് കണ്ടു. മുസ്‌ലിം സമുദായത്തിന്റെ ജീവിതം ഇസ്‌ലാമിനെ പ്രതിനിധീകരിക്കുന്നില്ലെന്ന് പരസ്യമായി പ്രഖ്യാപിച്ചുകൊണ്ട് വിശുദ്ധ ഖുർആനും തിരുചര്യയും പ്രതിനിധാനം ചെയ്യുന്ന ശുദ്ധവും സുന്ദരവുമായ ഇസ്‌ലാമിന്റെ പ്രബോധകദൗത്യം ജമാഅത്ത് അതിന്റെ മുഖ്യ ധർമമായി കണ്ടു.

അതേ സമയം ഇസ്‌ലാമിനെ സ്വന്തം ജീവിതാദർശമായി തത്വത്തിൽ അംഗീകരിച്ച മുസ്‌ലിം സമൂഹത്തെ തീർത്തും എഴുതിത്തള്ളാനും ജമാഅത്തിനു വിഷമമുണ്ടായിരുന്നു. തങ്ങളംഗീകരിക്കുന്ന ഇസ്‌ലാമികാദർശത്തിനനുസൃതമായി ജീവിതം കെട്ടിപ്പടുക്കാനും ദൈവിക ജീവിതവ്യവസ്ഥയുടെ കർമ്മമാതൃകയും ദൗത്യവാഹകമായി രംഗത്തുവരാനും മുസ്‌ലിം സമൂഹത്തെ ആഹ്വാനം ചെയ്യുകയെന്നതും ജമാഅത്ത് അതിന്റെ ബാധ്യതായി കണ്ടു.

തികച്ചും അപ്രതീക്ഷിതമായി മൂന്നാ

മതൊരു നിയോഗം കൂടി ജമാഅത്തിന്റെ ചുമലിൽ വന്നുവീണു. വിഭജനത്തോടെ ന്യൂനപക്ഷമായി മാറിയ ഇന്ത്യൻ മുസ്‌ലിംകളുടെ സംരക്ഷണച്ചുമതലയായിരുന്നു അത്. തുടരെതുടരെയുണ്ടായ വർഗീയകലാപങ്ങൾ സൃഷ്ടിച്ച ഭീതിയും അരക്ഷിതത്വവും നൂറ്റാണ്ടുകളായി നിലനിൽക്കുന്ന പിന്നോക്കാവസ്ഥയും ഭരണകൂടത്തിന്റെയും ഭൂരിപക്ഷ സമുദായത്തിന്റെയും ഭാഗത്തുനിന്നേൽക്കേണ്ടിവന്ന അവഗണനയും പീഢനങ്ങളും മുസ്‌ലിം സമൂഹത്തെ തീർത്തും നിസ്സഹായകമായ ഒരു പതനത്തിലെത്തിച്ചിരുന്നു. മർദ്ദിതരും നീതിനിഷേധിക്കപ്പെട്ടവരുമായ ഒരു ജനവിഭാഗമെന്ന നിലക്ക് സമുദായത്തിന്റെ നേർക്ക് സഹായഹസ്തം നീട്ടാൻ ജമാഅത്ത് നിർബന്ധിതമായിരുന്നു. അതോടെ ഇസ്‌ലാമിക പ്രബോധനം, സമുദായ സംസ്കരണം എന്നീ മൂന്നുബാധ്യതകളും ഒരേസമയം ജമാഅത്തിന്റെ ചുമലിൽ വന്നുവീണു.

വളരെ ഭാരിച്ചതും ഏറെ വിഷമകരവും അന്യോന്യഭിന്നവുമായ ഈ ഉത്തരവാദിത്തങ്ങൾ നിർവഹിക്കുന്നതിൽ ജമാഅത്ത് എത്രത്തോളം വിജയിച്ചുവെന്നത് വിലയിരുത്തപ്പെടേണ്ടതുണ്ട്. കഴിഞ്ഞ അമ്പതു വർഷക്കാലം പ്രവർത്തിച്ചിട്ടു എന്തു നേടി എന്ന ചോദ്യം പ്രസക്തമാണ്. പിന്നിട്ട അമ്പതുവർഷക്കാലത്തെ ജമാഅത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താൻ ഈ പ്രബന്ധം മതിയാവുകയില്ല. ഈ പ്രബന്ധത്തിന്റെ പരിമിതികളിൽ ഒതുങ്ങുന്ന സുപ്രധാനമായ ഏതാനും കാര്യങ്ങൾ മാത്രം ഇവിടെ ചൂണ്ടിക്കാണിക്കാം.

വിഭജനത്തിന്റെ പശ്ചാത്തലത്തിൽ നടന്ന വർഗീയകലാപങ്ങളും വിഭജനത്തോടെ ഉളവായ നിസ്സഹായതയും മുസ്‌ലിം സമൂഹത്തെ കപ്പിത്താനില്ലാത്ത നൗകയാക്കി മാറ്റി. മിക്കവാറും എല്ലാ മുസ്‌ലിം സംഘടനകളും തലപൊക്കാൻ വയ്യാത്തവിധം തകർന്നുകഴിഞ്ഞിരുന്നു. ഈ ഘട്ടത്തിൽ വിളമ്പം വിനാ സടകുടഞ്ഞെഴുന്നേറ്റ ജമാഅത്ത് അതിന്റെ സർവ്വശക്തിയുമുപയോഗിച്ച് മുസ്‌ലിം സമൂഹത്തിന്റെ ആത്മവീര്യം ഉയർത്താൻ യത്നിച്ചു. ഉത്തരേന്ത്യയിലുടനീളം വിദ്യാലയങ്ങൾ സ്ഥാപിച്ചും പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിച്ചും സ്വന്തം ജിഹ്വയും സാഹിത്യങ്ങളും ഇതര മാധ്യമങ്ങളും ഉപയോഗപ്പെടുത്തിയും സമുദായോദ്ധാരണത്തിനായി പരിശ്രമിച്ചു. വിഭജനഭാരതത്തിലെ മുസ്‌ലിം അവസ്ഥ മുന്നിൽവെച്ചു പരിശോധിക്കുമ്പോഴേ ജമാഅത്തിന്റെ സേവനങ്ങളുടെ മഹത്വം ദർശിക്കാനാവൂ. യാഥാസ്ഥിക പുരോഹിതന്മാരുടെ ഭാഗത്തുനിന്നും ഭൗതിക പ്രസ്ഥാനങ്ങളുടെ ഭാഗത്തുനിന്നും നേരിടേണ്ടിവന്ന കടുത്ത എതിർപ്പുകളും വെല്ലുവിളികളും അതിജീവിച്ചു ഉത്തരേന്ത്യൻ സമൂഹത്തിൽ ജമാഅത്ത് നേടിയെടുത്ത സ്വാധീനവും തിളക്കമാർന്ന വ്യക്തിത്വവും മതിയാവും അക്കാര്യം വ്യക്തമാക്കാൻ.

രണ്ടുവർഷക്കാലത്തെ ബ്രിട്ടീഷ് ഭരണം സൃഷ്ടിച്ച മാനസിക ദാർഢ്യം നിമിത്തം അഭ്യസ്ത വിദ്യരായ മുസ്‌ലിം തലമുറ ഇസ്‌ലാമിക മൂല്യങ്ങളോട് പുഛവും പാശ്ചാത്യ സംസ്കാരത്തോട് ആദരവും പുലർത്തുന്നവരായി വളർന്നുവന്നു. ഈ പുത്തൻ തലമുറയെ ഇസ്‌ലാമിൽ അഭിമാനം കൊള്ളുന്നവരാക്കി മാറ്റിയെടുക്കുന്നതിൽ മൗലാനാ മൗദൂദിയുടെ കരുത്തുറ്റ തൂലികയും ജമാഅത്ത് സാഹിത്യങ്ങളും വഹിച്ച പങ്ക് അനിഷേധ്യമാണ്. മതത്തോട് അപകർഷത പുലർത്തിപ്പോന്ന മുസ്‌ലിം യുവതയെ ഇസ്‌ലാമിൽ അഭിമാനം കൊള്ളുന്നവരും ഇസ്‌ലാമികമാർഗത്തിൽ ജീവാർപ്പണത്തിനു സന്നദ്ധമാക്കി മാറ്റി എന്ന വസ്തുത മൗലാന അബുൽ ഹസൻ അലി നദ്‌വിയെ പോലുള്ളവർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ഇസ്‌ലാമിനെ പാരമ്പര്യമതമായി കണ്ട മുസ്‌ലിം സമൂഹം ഏതാനും ചില ആരോപണങ്ങളിൽ അതിനെ ഒതുക്കിനിർത്തി . തലമുറകളായി തുടർന്നുപോന്ന ഈ ധാരണയെ തിരുത്തിക്കുറിച്ചുകൊണ്ട് ഇസ്‌ലാമിനെ സമ്പൂർണ്ണവും സമഗ്രവുമായ ഒരു ജീവിതവ്യവസ്ഥയായി ജമാഅത്ത് ശക്തിയുക്തം സമർഥിച്ചു. ഇന്ന് ഏതാണ്ട് എല്ലാ മുസ്‌ലിം വിഭാഗങ്ങളും ഇസ്‌ലാമിനെ ഒരു സമ്പൂർണ ജീവിത വ്യവസ്ഥയായി അംഗീകരിക്കുന്നവരാണ്. ഈ അംഗീകാരം ഒരർഥത്തിൽ ജമഅത്തിനുള്ള അംഗീകാരമാണ്. ജമാഅത്തെ ഇസ്‌ലാമി രംഗത്തു വരുന്നതിനുമുമ്പ് മുസ്‌ലിം സമൂഹത്തിന് ഈ സങ്കൽപം തീർത്തും അന്യമായിരുന്നു.

കമ്യൂണിസം, ക്യാപ്പിറ്റലിസം, മതേതര ജനാധിപത്യം തുടങ്ങിയ ആധുനിക വ്യവസ്ഥകൾ ആത്യന്തികമായി മനുഷ്യരാശിയുടെ നന്മക്കും ക്ഷേമത്തിനും ഉതകുന്നതല്ലെന്നും അവയുടെ തിന്മകളിൽ നിന്നു മുക്തവും നന്മകൾ ഉൾകൊള്ളുന്നതുമായ ഒരു ജീവിത വ്യവസ്ഥയാണ് ഇസ്‌ലാമെന്നും ജമാഅത്ത് സമർഥിച്ചു. വസ്തുതകളുടെയും ചരിത്രാനുഭവങ്ങളുടെയും വെളിച്ചത്തിൽ പാശ്ചാത്യൻ ഭൗതികപ്രസ്ഥാനങ്ങൾക്കുനേരെ ജമാഅത്ത് നടത്തിയ കടന്നാക്രമണം കുറിക്കുകൊണ്ടു. മതമൗലികവാദം, വർഗീയത, മതഭ്രാന്ത് തുടങ്ങിയ ആരോപണങ്ങൾകൊണ്ട് അന്തരീക്ഷം മുഖരിതമായി. എന്നാൽ എല്ലാ എതിർപ്പുകളെയും അതിജീവിച്ച് ജമാഅത്തിന്റെ സമർഥനങ്ങൾ ഒരു പ്രവചനം പോലെ പുലരുകയാണുണ്ടായത്.

പാകിസ്ഥാൻവാദം ഒരുഭാഗത്തും, അന്തമായ ദേശീയവാദം മറുഭാഗത്തുമായി നിലയുറപ്പിച്ച ഘട്ടത്തിൽ ദേശീയതയുടെയും സാമുദായികതയുടെയും വിഗ്രഹങ്ങൾ കയ്യൊഴിച്ച് ആദർശനിഷ്ടമായ ഒരു നിലപാട് പുലർത്താൻ ജമാഅത്ത് മുസ്‌ലിം സമൂഹത്തെ ആഹ്വാനം ചെയ്തു. അന്ധമായ സാമുദായിക വാദവും ദേശീയവാദവും നാടിനാപത്താണെന്നും സത്യവും നീതിയും സമത്വവും പുലരുന്ന ഒരാദർശ സ്റ്റേറ്റായിരിക്കണം ആത്യന്തിക ലക്ഷ്യമെന്നും ജമാഅത്ത് വാദിച്ചു. മുസ്‌ലിം സാമുദായിക വാദിളിൽനിന്ന് ഏറെ എതിർപ്പുകൾ ക്ഷണിച്ചു വരുത്തിയ ഒന്നായിരുന്നു ഇത്. ഇന്ത്യയിലെ മുസ്‌ലിം സമൂഹം സാമുദായികതയുടെയും ജാതീയതയുടെയും മാളത്തിലൊതുങ്ങിക്കഴിയുന്നതിനു പകരം രാജ്യത്തെ മുഴുവൻ ജനവിഭാഗങ്ങളുടെയും മോചനത്തിനുവേണ്ടി നിലകൊള്ളേണ്ടവരാണെന്ന് ഇന്ന് അംഗീകരിക്കപ്പെട്ടിരിക്കുന്നു. മുസ്‌ലിംകൾ ഒരാദർശ സമൂഹമാണെന്നും ഇസ്‌ലാമിന്റെ പ്രബോധനദൗത്യവുമായി അവർ രംഗത്തുവരേണ്ടതുണ്ടെന്നും മുഴുവൻ രാജ്യനിവാസികളും അവരുടെ സംബോധിതരാണെന്നും ജമാഅത്ത് ഉദ്ഘോഷിച്ചു. മുസ്‌ലിം സമുദായത്തിലെ എല്ലാ വിഭാഗവും ഇന്ന് ഇസ്‌ലാമിക പ്രബോധനം തങ്ങളുടെ ലക്ഷ്യമായി കാണുന്നവരാണ്. ഇത് പരോക്ഷമായി ജമാഅത്തിന്റെ വിജയമാണ്.

ഇസ്‌ലാമിനെ ദൈവികജീവിത വ്യവസ്ഥിതിയായി സമർപ്പിച്ചുകൊണ്ടു അതിലേക്കു ജനങ്ങളെ ക്ഷണിക്കാൻ മുന്നോട്ട് വന്നപ്പോൾ ജമാഅത്തിന്റെ മുമ്പിലുണ്ടായിരുന്ന ഏറ്റവും വലിയ കടമ്പ തങ്ങൾ പ്രബോധനം ചെയ്യുന്ന ആശയത്തിന്റെ സജീവ മാതൃക മുന്നിലില്ലെന്നതായിരുന്നു. ഈ പ്രശ്നം പരിഹരിച്ചുകൊണ്ടല്ലാതെ ഒരിഞ്ചുപോലും മുമ്പോട്ടുപോവുക സാധ്യമല്ലെന്നു ജമാഅത്ത് മനസ്സിലാക്കി. തൽഫലമായി ഒരു മതൃകാ സമൂഹത്തെ വാർത്തെടുക്കുക എന്നത് ജമാഅത്ത് ലക്ഷ്യമായി സ്വീകരിച്ചു. ഖുർആന്റെയും സുന്നത്തിന്റെയും അടസ്ഥാനത്തിൽ ആവുന്നത്ര മാതൃകാ സ്വഭാവത്തിലുള്ള ഒരു പ്രസ്ഥാനം കെട്ടിപ്പടുക്കുകയെന്നത് ജമാഅത്ത് ലക്ഷ്യമായി കണ്ടു. ഇന്ന് ദൈവാനുഗ്രഹത്താൽ രാജ്യത്തുടനീളം ശൃംഖലകളുള്ള ചെറുതെങ്കിലും ഭദ്രവും വ്യവസ്ഥാപിതവുമായ ഒരു പ്രസ്ഥാനം ജമാഅത്തിന് കൈമുതലായുണ്ട്. എല്ലാ സ്റ്റേറ്റുകളിലും ശാഖകളും ലക്ഷണക്കിനു പ്രവർത്തകരുമുള്ള പ്രസ്ഥാനത്തിന്റെ കഴിഞ്ഞ അമ്പതുവർഷത്തെ കളങ്കമേശാത്ത വ്യക്തിത്വവും തിളക്കമാർന്ന ഇമേജും ഭാവിചിത്രകാരന് ഒരിക്കലും നിഷേധിക്കാനാവില്ല. തികഞ്ഞ ജനാധിപത്യഘടന പുലർത്തുന്ന സുരക്ഷിതായ ഒരു ധാർമികപ്രസ്ഥാനമെന്ന നിലക്ക് ജമാഅത്ത് രാജ്യത്ത് നേടിയ സൽപേര് ഒരുവേള രാജ്യത്തെ മറ്റേതൊരു പ്രസ്ഥാനത്തിൽ നിന്നും അതിനെ വേർതിരിച്ച് നിർത്തുന്നു. രൂപംകൊണ്ട നാൾ മുതൽക്കെ, വർഗീയവിഘടനവാദങ്ങളുടെയും ഫണ്ടമെന്റലിസത്തിന്റെയും സാമ്രാജ്യത്വ ഏജൻസികളുടെയും, ഭീകരവാദത്തിന്റെയും ചളി അതിന്റെ നേർക്ക് വാരിയെ

റിയപ്പെട്ടിരുന്നുവെങ്കിലും അവയെല്ലാം അർഥശൂന്യമായിരുന്നുവെന്ന് തെളിയിച്ചുകൊണ്ട് ജമാഅത്ത് അതിന്റെ വ്യക്തിത്വം ഉയർത്തിപ്പിടിച്ചിരിക്കുന്നു.

രാജ്യത്തുടനീളമുള്ള ആയിരക്കണക്കായ യൂണിറ്റുകളിൽ പ്രവർത്തിക്കുന്ന പതിനായിരക്കണക്കായ പ്രവർത്തകരും അനുഭാവികളും ജമാഅത്തിന്റെ സന്ദേശമുയർത്തിപ്പിടിച്ചു നിർവഹിച്ചുകൊണ്ടിരിക്കുന്ന നിശബ്ദ സേവനങ്ങൾ ഒരുപക്ഷേ നമ്മുടെ വാർത്താമാധ്യമങ്ങളുടെയും ഇലക്ട്രോണിക് മീഡിയയുടെയും ശ്രദ്ധ പിടിച്ചുപറ്റിക്കൊള്ളണമെന്നില്ല. എന്നിരുന്നാലും ഭാരതത്തിന്റെ ധാർമിക പുനഃസ്ഥാപനത്തിനുവേണ്ടി അവർ നിർവഹിച്ചുവരുന്ന സേവനം രാജ്യത്തുടനീളം വ്യാപിച്ചുകിടക്കുന്ന മതവിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആതുരശുശ്രൂഷാകേന്ദ്രങ്ങൾ, പലിശരഹിത നിധികൾ എന്നിവ നിശ്ശബ്ദം വിളിച്ചറിയിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇവക്കെല്ലാം പുറമെയാണ് നാട്ടിലുണ്ടാവുന്ന വർഗീയ കലാപങ്ങൾ, ക്ഷാമം, ദുരിതം എന്നിവയുടെ ഘട്ടത്തിൽ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും സന്ദേശവുമേന്തി ജമാഅത്തു പ്രവർത്തകർ സംഘടിപ്പിക്കുന്ന കോടിക്കണക്കിനു രൂപയുടെ ദുരിതാശ്വാസപ്രവർത്തനങ്ങളും സമുദായ സൗഹാർദ്ദപ്രവർത്തനങ്ങളും. ഈ ഒടുവിൽ പറഞ്ഞ രണ്ടുകാര്യങ്ങളും രാജ്യത്തെ ഇത്തരം സാമൂഹ്യ സാംസ്കാരികസംഘടനകളിൽ നിന്നും ജമാഅത്തിനെ വേർതിരിച്ചു നിർത്തുന്ന മുഖ്യ സവിശേഷതകളത്രെ. സ്വാതന്ത്ര്യത്തിന്റെ നാളുകൾ മുതൽ രാജ്യനിവാസികളുടെ ഉറക്കം കെടുത്തിപ്പോന്ന മഹാശാപമാണ് നിരന്തരം തുടർന്നുപോന്ന വർഗീയകലാപങ്ങൾ. ഈ കലാപങ്ങൾ സൃഷ്ടിച്ച ദുഃഖവും ദുരിതവും വർണ്ണനാതീതമാണ്. ഭവനരഹിതരായ പതിനായിരങ്ങളെ പുനരധിവസിപ്പിക്കുന്നതിലും ജമാഅത്ത് എന്നും മുൻപന്തിയിലുണ്ടായിരുന്നു. അതേപോലെത്തന്നെ വർദ്ധിച്ചു വരുന്ന വർഗീയസ്പർദ്ധയുടെ കൊടും വിപത്തിൽനിന്ന് രാജ്യത്തെ രക്ഷിക്കുകയെന്ന ലക്ഷ്യത്തോടെ എല്ലാ വിഭാഗം ജനങ്ങളുമായി ബന്ധപ്പെട്ട് സാമുദായിക സൗഹാർദ പരിപാടികൾക്ക് നേതൃത്വം നൽകിക്കൊണ്ടിരുന്നു. ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ രണ്ടു പരിപാടികളാണിവ. രാജ്യത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ഏറ്റവും വിലപ്പെട്ടതും.

നാടിന്റെ ഭാവി കരുപ്പിടിപ്പിക്കാൻ പര്യാപ്തമായ ഒരു സമ്പൂർണ ദർശനമായി ഇസ്‌ലാമിനെ അവതരിപ്പിച്ച ജമാഅത്ത് അതിന്റെ വാദമുഖങ്ങൾ ശക്തിയായി സ്ഥാപിച്ചുകൊണ്ട് പുറത്തിറക്കിയ ആയിരത്തോളം വരുന്ന സാഹിത്യസഞ്ചയം സമകാലീന മുസ്‌ലിം സമൂഹത്തിന് അഭിമാനിക്കാൻ വകനൽകുന്നതാണ്. നാട്ടിലെ എല്ലാ പ്രാദേശിക ഭാഷകളിലും ഇംഗ്ലീഷിലും ഹിന്ദിയിലുമുള്ള ആനുകാലികങ്ങൾ ഇതിനു പുറമെയാണ്. വർത്തമാനകാലത്തെ അതിരൂക്ഷമായ വെല്ലുവിളികളെ അതിജീവിച്ച് ഭാവിയിലേക്ക് മുന്നേറുന്ന ഒരു ധാർമിക വിപ്ലവപ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കരുത്തുറ്റ ഈ വൈജ്ഞാനകാടിത്തറ എന്തുകൊണ്ടും വിലപ്പെട്ട ഒരു നിധിയാണ്. രാജ്യത്തെ മുസ്‌ലിം അഭ്യസ്തവിദ്യരുടെയും ബുദ്ധിജീവികളുടെയും വീക്ഷണങ്ങൾ രൂപപ്പെടുത്തുന്നതിൽ ജമാഅത്ത് സാഹിത്യങ്ങളും ആനുകാലികങ്ങളും ചെലുത്തിക്കൊണ്ടിരിക്കുന്ന സ്വാധീനം നിഷേധിക്കാനാവാത്ത ഒന്നാണ്.

മുസ്‌ലിം ഐക്യത്തിനുവേണ്ടി ജമാഅത്ത് അർപ്പിച്ച സംഭാവനകൾ ഏറെ വിലപ്പെട്ടതത്രെ. മുസ്‌ലിം സമുദായോദ്ധാരണത്തിന്റെ മാർഗത്തിലെ പ്രഥമവും പ്രധാനവുമായ ഘടകം മുസ്‌ലിം ഐക്യമാണെന്ന് ജമാഅത്ത് ഉറച്ച് വിശ്വസിക്കുന്നു. മുസ്‌ലിം സമൂഹത്തെ ഇസ്‌ലാമിക പ്രബോധനത്തിനു സജ്ജമാക്കുന്നതിന്റെ ഭാഗമായി സമുദായംഗങ്ങൾക്കിടയിൽ രക്ഷാബോധം ഉറപ്പുവരേണ്ടതുണ്ട്. ആത്മവിശ്വാസത്തോടെ സ്വന്തം ഭാഗധേയം കെട്ടിപ്പടുക്കാൻ അവരെ പ്രാപ്തരാക്കിയാലേ ഉന്നത സംസ്കാരം പുലർത്തുന്ന ഒരു പ്രബോധകസംഘമാക്കി അവരെ മാറ്റാൻ കഴിയൂ. ഈ ലക്ഷ്യത്തിന്റെ മാർഗത്തിൽ ഇന്നത്തെ സാഹചര്യത്തിൽ സർവപ്രധാനമാണ് മുസ്‌ലിം ഐക്യം എന്നു മനസ്സിലാക്കിയ ജമാഅത്ത് 1960-കളിൽ മുസ്‌ലിം മജ്‌ലിസെ മുശാവറ രൂപീകരിക്കുന്നതിലും തുടർന്ന് അഖിലേന്ത്യാ തലത്തിൽ രൂപീകൃതമായ എല്ലാ സംയുക്ത സംരഭങ്ങളിലും നിർണായകമായ പങ്കാണ് വഹിച്ചുപോന്നത്. ഈ ഐക്യവേദിയുടെ ആഭിമുഖ്യത്തിലും സ്വന്തം നിലക്കും അലീഗർ മുസ്‌ലിം യൂനിവേഴസിറ്റി, ഉർദു, ബാബരി മസ്ജിദ് തുടങ്ങിയ പ്രശ്നങ്ങളിൽ ജമാഅത്തിന്റെ സജീവ പങ്കാളിത്തം പ്രകടമാണ്.

ഏകദൈവത്വം, പ്രവാചകദൗത്യം, പരലോകജീവിതം എന്നീ അടിസ്ഥാനങ്ങളിലൂന്നി ഇസ്‌ലാമിക സന്ദേശത്തിന്റെ കർമമാതൃക കാഴ്ചവെച്ചുകൊണ്ട് ജമാഅത്ത് വളർത്തിയെടുത്ത ഇമേജും പ്രവർത്തനശൈലിയും രാജ്യത്തിന്റെ ഇന്നത്തെ ചുറ്റുപാടിൽ എന്തുകൊണ്ടും സവിശേഷ ശ്രദ്ധയർഹിക്കുന്നു. മതേതരത്വം, ദേശീയത്വം, സോഷ്യലിസം തുടങ്ങിയ മുദ്രാവാക്യങ്ങൾക്ക് അർഥം നഷ്ടപ്പെട്ട ഇന്നത്തെ സാഹചര്യത്തിൽ ജമാഅത്തിന്റെ മൂല്യാധിഷ്ഠിതവും ആദർശനിഷ്ഠവുമായ പ്രവർത്തനശൈലി പ്രത്യാശയുടെ തിരിനാളമാണ്.

രാജ്യത്തിന്റെ ഭാവിയുമായി ബന്ധപ്പെടുത്തി ജമാഅത്തിന്റെ കലവറയിലുള്ള വിഭവങ്ങൾ സാമാന്യമായി വിലയിരുത്തുകയാണിവിടെ ചെയ്തത്. കഴിഞ്ഞ അമ്പതു വർഷക്കാലത്തെ ആയവ്യയങ്ങൾ മുന്നിൽ വെച്ചുകൊണ്ട് നമുക്ക് ഭാവിയിലേക്ക് നോക്കാം. ജമാഅത്ത് അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ എന്തൊക്കെയാണ്? ഭാവി സാധ്യതകൾ എന്തെല്ലാമാണ്? ജമാഅത്തിന്റെ ശക്തി തന്നെയാണ് അതിന്റെ ഏറ്റവും വലിയ ദൗർബല്യവും. ജീവിതത്തെ സമഗ്രമായുൾക്കൊള്ളുന്ന ഒരു സമ്പൂർണ്ണ പ്രസ്ഥാനമെന്നതാണ് ജമാഅത്തിന്റെ ഏറ്റവും വലിയ സവിശേഷത. ഇത്രയും ഭാരിച്ച ഒരുത്തരവാദിത്തം പ്രാപ്തമായി നിർവഹിക്കാൻ ആവശ്യമായ 'മെഷിനറി'യുടെ അഭാവം ജമാഅത്തിനെ നന്നായി വിഷമിപ്പിക്കുന്നുണ്ട്. രാജ്യത്തിന്റെ ബഹുഭൂരിപക്ഷത്തിന്റെ വിശ്വാസാചാരങ്ങൾക്ക് അന്യമായ ഒരാദർശവും മൂല്യസംഹിതയും തനിമയോടുകൂടി പരിചയപ്പെടുത്തുന്നതിന് പാരമ്പര്യ മുസ്‌ലിം സമൂഹത്തിന്റെ സാന്നിധ്യവും ചരിത്രത്തിലിന്നോളം ഉണ്ടായ സാമുദായിക സ്പർദ്ധയും മറയായിനിൽക്കുന്നു. സാമുദായിക പ്രശ്നങ്ങളിൽ ശ്രദ്ധപതിപ്പിച്ചതോടു കൂടി ജമാഅത്തിന്റെ ആദർശവ്യക്തിത്വത്തിന് മങ്ങലേറ്റു. ഹിന്ദു-മുസ്‌ലിം ബന്ധങ്ങളിൽ പുരണ്ട കറുത്തപാടുകൾ ജമാഅത്തിനെയും സാമുദായികപ്രസ്ഥാനമായി ചിത്രീകരിക്കാനിടയാക്കി. എന്നല്ല മതമൗലിക വാദത്തിന്റെയും ആത്യന്തിക തീവ്രവാദത്തിന്റെയും കൺഠമാല അതിന്റെ കഴുത്തിൽ ചാർത്തപ്പെട്ടു. ഇത് മൗലികമായി പ്രസ്ഥാനത്തിന്റെ പ്രബോധകവ്യക്തിത്വത്തെ ബാധിച്ചു. ആദ്യമേ മുസ്‌ലിംകളെയും മുസ്‌ലിം പ്രസ്ഥാനങ്ങളെയും സംശയദൃഷ്ടിയാൽ വീക്ഷിച്ചുപോന്ന ഹിന്ദുക്കളെ, ഹൈന്ദവതീവ്രവാദികളുടെയും അൾട്രാസെക്യുലരിസ്റ്റ് മീഡിയകളുടെയും എതിർപ്രചാരവേലകൾ ജമാഅത്തിൽനിന്നും അകറ്റാനിടയാക്കി. ഈ ആപത്ത് മുൻകൂട്ടി കണ്ടുകൊണ്ട് ഹൈന്ദവജനസാമാന്യവുമായി വ്യാപകമായി സമ്പർക്കത്തിലേർപ്പെടുന്നതിലും ഇസ്‌ലാമിക പ്രബോധനത്തിന്റെ പ്രഥമപടിയെന്ന നിലക്ക്അവരുടെ ആശങ്കകൾ ദൂരീകരിക്കുന്നതിലും ജമാഅത്ത് പൂർണമായി വിജയിച്ചു എന്നുപറയാനാവില്ല. രാജ്യത്തിന്റെ സമ്പൂർണ ഇസ്‌ലാമിക പരിവർത്തനം ലക്ഷ്യമായി കണ്ടുവെങ്കിലും ആ ലക്ഷ്യത്തിന്റെ മാർഗത്തിലെ പ്രഥമ ബിന്ദുവായ അമുസ്‌ലിംകൾക്കിടയിലെ ഇസ്‌ലാമിക പ്രബോധനത്തിന്റെ ആദ്യഘട്ടത്തിൽ ജമാഅത്തിന് വേണ്ടത്ര ശ്രദ്ധയൂന്നാനായില്ല. സാഹചര്യത്തിന്റെ സമ്മർദത്താൽ ഏറെ ശ്രദ്ധയും ശ്രമവും മുസ്‌ലിം സമൂഹത്തിന്റെ പ്രശ്നങ്ങളിൽ ചിലവഴിക്കേണ്ടിവന്നു. പുതിയ സാഹചര്യത്തിൽ ഹൈന്ദവ സഹോദരന്മാരുമായുള്ള സമ്പർക്കത്തിനും ഇസ്‌ലാമിക പ്രബോധനസംരഭങ്ങൾക്കും മുഖ്യസ്ഥാനം കൽപിച്ചിരിക്കുന്നുവെന്നതും നേരാണ്. എന്നിരുന്നാലും ആദ്യം രൂപപ്പെട്ട ഇമേജ് മാറ്റിയേടുക്കാൻ പാടുപെടേണ്ടിവരും. ജമാഅത്തിനെ തെറ്റിദ്ധരിപ്പിക്കാനിടയാക്കിയ മറ്റൊരു മുഖ്യഘടകം, ഒരാദർശ

പ്രസ്ഥാനമെന്ന നിലക്ക് പാശ്ചാത്യൻ സെക്യുലരിസത്തിനും അന്ധമായ ദേശീതാവാദത്തിനും മനുഷ്യന്റെ പരമാധികാര വ്യവസ്ഥ എന്ന അർഥത്തിൽ ജനാധിപത്യത്തിനും എതിരിൽ നടത്തിയ കടന്നാക്രമണങ്ങൾ സൃഷ്ടിച്ച തെറ്റിദ്ധാരണയായിരുന്നു. സ്വതന്ത്രചിന്തക്കും മനുഷ്യപുരോഗതിക്കും ജനാഭിപ്രായത്തിനും നിരക്കാത്ത ദേശക്കൂറുപുലർത്താത്ത പഴഞ്ചൻ മതമൗലികവാദത്തിന്റെ ഭാഗമാണിത് എന്ന് അടിച്ചാക്ഷേപിക്കപ്പെട്ടു. ഈ തെറ്റിദ്ധാരണ തിരുത്തപ്പെടുന്നതിനുമുമ്പ് തന്നെ ഇന്ത്യൻ സെക്യുലരിസത്തെയും ജനാധിപത്യത്തെയും അതിന്റെ നല്ല അർഥത്തിൽ ജമാഅത്ത് സ്വീകരിച്ചത് മറ്റൊരു തെറ്റിദ്ധാരണക്കും ആക്ഷേപത്തിനും കാരണമായി. ഈ സാഹചര്യം മൊത്തത്തിൽ രാജ്യത്തെ അഭ്യസ്തവിദ്യരും ബുദ്ധിജീവികളുമായ ആളുകളെ ജമാഅത്തിൽനിന്ന് അകറ്റിനിറുത്തി. അതേസമയം സ്വന്തം നിലക്ക് ഒരു ബഹുജനപ്രസ്ഥാനമായി ഉയരാൻ ജമാഅത്തിനൊട്ടുകഴിഞ്ഞതുമില്ല. ശക്തവും ഭദ്രവും വ്യവസ്ഥാപിതവുമായ ഒരു 'കേഡർ' സ്വഭാവം കാത്തുസൂക്ഷിക്കാൻ കഴിഞ്ഞുവെന്നത് നേരാണ്. എന്നാൽ അതിന് വേണ്ടത്ര ജനകീയമുഖം ഉൾകൊള്ളാനോ ജനസാമാന്യത്തിലേക്ക് ഇറങ്ങിച്ചെല്ലാനോ കഴിഞ്ഞില്ല.

ഇപ്പോൾ തെരഞ്ഞെടുപ്പുകളിൽ പങ്കെടുക്കാൻ തീരുമാനിച്ചതോടെ ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നതിനും ജനകീയസ്വഭാവം കൈവരിക്കുന്നതിനും ജമാഅത്തിന് കൂടുതൽ സാധ്യതകൾ തെളിഞ്ഞിട്ടുണ്ട്. സർക്കാർതലത്തിൽ സംശയത്തോടെ വീക്ഷിക്കപ്പെട്ടുപോന്ന ഒരു പ്രസ്ഥാനമെന്ന നിലക്ക് ഉദ്യോഗസ്ഥവൃന്ദം പൊതുവിൽ ജമാഅത്തിൽനിന്ന് വിട്ടുനിൽക്കുകയാണ് ചെയ്തത്. എന്നാൽ അധികാര കേന്ദ്രങ്ങളിൽ നിന്നുള്ള ആക്ഷേപശകാരങ്ങൾ ഒട്ടൊന്നു ശമിച്ച പുതിയസാഹചര്യത്തിൽ സമൂഹത്തിലെ ഉന്നതവിഭാഗത്തിൽപെട്ടവർ കൂടുതൽ അടുപ്പവും ആഭിമുഖ്യവും പ്രദർശിപ്പിച്ചു വരുന്നുണ്ട്. ബ്രിട്ടീഷിന്ത്യയുടെ കൊളോണിയൽ സാഹചര്യത്തിൽ പിറന്നുവീണ പ്രസ്ഥാനം അതിന്റെ ആരംഭഘട്ടത്തിൽ പുലർത്തിയ തീക്ഷ്ണവും നിശിതവുമായ സമീപനശൈലി പിൽക്കാലത്തു സ്വീകരിക്കാനിടയായ നയപരമായ സമീപനങ്ങളെ തെറ്റിദ്ധരിക്കാനിടയാക്കി. ഉദ്യോഗത്തിൽ പങ്കുവഹിക്കൽ, തെരഞ്ഞെടുപ്പ് രാഷ്ട്രീയം, രാഷ്ട്രീയ വ്യവഹാരങ്ങളിലെ പങ്കാളിത്തം എന്നിവ ആദർശത്തിന്റെ ഭാഗമാണെന്നു ധരിച്ചവർ ജമാഅത്തിനെ ആദർശഭ്രംശത്തിന്റെ പേരിൽ ആക്ഷേപിക്കാൻ തുടങ്ങി. എന്നാൽ ഇന്നിപ്പോൾ അത്തരം തെറ്റിദ്ധാരണകൾ മിക്കവാറും നീങ്ങിക്കഴിഞ്ഞു.

ഒരാദർശപ്രസ്ഥാനമെന്ന നിലക്ക് ജമാഅത്ത് നേരിടുന്ന മുഖ്യമായ വെല്ലുവിളികളിലൊന്ന് കമ്യൂണിസത്തിന്റെ ഭാഗത്തുനിന്നുള്ളതായിരുന്നു. ആഗോളതലത്തിൽ കമ്യൂണിസ്റ്റ് വ്യവസ്ഥിതികൾക്കേറ്റ തകർച്ച ഈ രംഗത്ത് കാര്യമായ വ്യതിയാനം സൃഷ്ടിച്ചിരിക്കുന്നു. മുമ്പിനാലെതന്നെ മുസ്‌ലിം യുവാക്കളെ കമ്യൂണിസത്തിൽ നിന്നും തടുത്തുനിറുത്തുന്നതിൽ ജമാഅത്ത് വഹിച്ചുപോന്ന പങ്ക് വലുതാണ്. ഇപ്പോഴാകട്ടെ കമ്യൂണിസ്റ്റുഭീഷണി പ്രത്യേയശാസ്ത്രതലത്തിൽ മിക്കവാറും അസ്തമിച്ചുകഴിഞ്ഞു. നന്നേചുരുങ്ങിയത് അഭ്യസ്തവിദ്യരായ മുസ്‌ലിം യുവാക്കളെ ഇനിമേൽ ഏറെയൊന്നും ആകർഷിക്കാൻ കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിനു കഴിയില്ല. അതേസമയം കമ്യൂണിസത്തിന്റെ ഭാഗത്ത് നിന്ന് ഇന്നും തളരാതെ നിലനിൽക്കുന്ന ഒരു വെല്ലുവിളിയുണ്ട്. അത് തൊഴിലാളികളും പാവങ്ങളുമായ സാമാന്യജനങ്ങൾക്കിടയിൽ ഇന്നും കമ്യൂണിസം ചെലുത്തുന്ന സ്വാധീനമത്രെ. ലോകത്തെമ്പാടും കമ്യൂണിസ്റ്റുകൾ തന്നെ കമ്യൂണിസത്തെ തള്ളിപ്പറഞ്ഞുകൊണ്ടിരിക്കുമ്പോഴും നമ്മുടെ നാട്ടിലെ കമ്യൂണിസ്റ്റുകൾ പൂർവാധികം വാശിയോടെ പാർട്ടിക്കുപിന്നിൽ അണിനിരക്കുന്ന കാഴ്ച അത്ഭുതാവഹമാണ്. ഇതിനുപിന്നിലെ യഥാർഥ പ്രേരകം എന്തെന്നും വിലയിരുത്തപ്പെടേണ്ടതുണ്ട്. കമ്യൂണിസ്റ്റ് പ്രത്യേയശാസ്ത്രത്തിന്റെ ദാർശനിക വശങ്ങളെയപേക്ഷിച്ചു അതിന്റെ മാനുഷിക മുഖമാണ് ഇന്ത്യയെപ്പോലുള്ള മൂന്നാം ലോക രാജ്യങ്ങളിലെ സാധാരണക്കാരെ ആകർഷിച്ചത്. അടിച്ചമർത്തപ്പെട്ടവരും നീതിനിഷേധിക്കപ്പെട്ടവരുമായ പാവങ്ങളുടെ പടയണിയായാണ് നമ്മുടെ നാട്ടിൽ കമ്യൂണിസം കടന്നുവന്നത്. കമ്യൂണിസത്തിന് നഷ്ടമായ ആദർശമുഖം അതിനെ തളർത്തിയിരിക്കുന്നു എന്നത് നേരുതന്നെ. എന്നാൽ അതിന്റെ മാനുഷിക മുഖം ബാക്കിനിൽക്കുവോളം അതിനെ നേരിടാൻ ഇതര പ്രസ്ഥാനങ്ങൾക്കു കഴിയുമെന്ന് തോന്നുന്നില്ല. ഇസ്‌ലാമിനെ പ്രതിനിധാനം ചെയ്യുന്നവർക്ക് കമ്യൂണിസത്തിന്റേതിനേക്കാൾ മെച്ചപ്പെട്ട മാനുഷികമുഖം കാഴ്ചവെക്കാൻ കഴിയുന്നേടത്തോളം കാലം പ്രസ്തുത വെല്ലുവിളി നിലനിൽക്കും. ഈ വസ്തുതമുന്നിൽ കണ്ടുകൊണ്ട് വരുംകാലങ്ങളിൽ ജമാഅത്ത് അതിന്റെ മാനുഷികവും ജീവകാരുണ്യപരവുമായ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നുനൽകേണ്ടതുണ്ട്.

രാജ്യത്ത് ശക്തിപ്പെട്ടുവരുന്ന വർഗീയതയാണ് ജമാഅത്തിന്റെ മാർഗത്തിലെ വമ്പിച്ച ഒരു വെല്ലുവിളി. ഇസ്‌ലാമിക പ്രസ്ഥാനത്തിലെന്നെല്ല, നാട്ടിന്റെ തന്നെ ഭാവിക്കുമുമ്പിൽ ഏറ്റവും വലിയ ഭീഷണിയായി അതു മാറിയിരിക്കുന്നു. വർഗീയവും ജാതീയവുമായ വികാരങ്ങൾ ഇളക്കിവിട്ടു കൊല്ലും കൊലയും കലാപവും സൃഷ്ടിക്കുവാനാണ് വർഗീയശക്തികളുടെ നീക്കം. രാഷ്ട്രാന്തരീയ ശക്തികളുടെ പിൻബലത്തോടെ സർവ്വസജ്ജരായി മുന്നേറുന്ന വർഗീയ ഫാഷിസ്റ്റു ഭീഷണിയെ ചെറുക്കുന്നതിൽ രാജ്യത്തെ മതേതര ശക്തികൾ ദയനീയമായി പരാജയപ്പെട്ടിരിക്കുന്നു. വർഗീയതക്കെതിരിൽ വർഗീയത ഇളക്കിവിടുന്നതും പ്രകോപനങ്ങൾക്ക് പ്രതിവിധിയായി പ്രകോപനം സൃഷ്ടിക്കുന്നതും സംഗതി കൂടുതൽ വഷളാക്കുകയേ ഉള്ളൂ. സ്ഥാപിത താൽപര്യക്കാരായ അധികാര രാഷ്ട്രീയക്കാർക്ക് ഒരുവേള ഇത്തരം ഒരന്തരീക്ഷം പ്രയോജനം ചെയ്തേക്കും. എന്നാൽ ആദർശത്തോടൊപ്പം ലക്ഷ്യവും മാർഗവും വിശുദ്ധമായിരിക്കണമെന്നു വിശ്വസിക്കുന്ന ഇസ്‌ലാമിക പ്രസ്ഥാനത്തിനാവശ്യം സമാധാനാന്തരീക്ഷമാണ്. സമാധാനത്തിന്റെയും സൈ്വര്യത്തിന്റെയും ചുറ്റുപാടിലേ ജനഹൃദയങ്ങൾക്ക് ശാന്തമായി കാര്യങ്ങൾ ചിന്തിക്കാൻ കഴിയൂ. കലക്കുവെള്ളത്തിൽ മീൻ പിടിക്കാൻ ശ്രമിക്കുന്നവരെ ഒറ്റപ്പെടുത്താനും വർദ്ധിച്ചുവരുന്ന ഫാഷിസ്റ്റ് ഭീഷണിയെ ചെറുക്കാനും താരതമ്യേന അപകടം കുറഞ്ഞ മതേതര ശക്തികളുമായി യോജിച്ചുനൽക്കുകയാണ് വേണ്ടത്. രാഷ്ട്രീയത്തിലും സാമൂഹിക സാംസ്കാരിക മേഖലകളിലും മതേതരവും അവർഗീയവുമായ കാഴ്ചപ്പാട് പുലർത്തുന്നവരെ യോജിപ്പിക്കുവാനും അത്തരക്കാർക്ക് സ്വാഭാവികമായ പിന്തുണ നൽകാനും സന്നദ്ധമാവേണ്ടത് കാലഘട്ടത്തിന്റെ ഏറ്റവും വലിയ ആവശ്യമാണ്.

മുതലാളിത്ത വ്യവസ്ഥിതിയുടെ അദൃശ്യമായ കരങ്ങൾ നാട്ടിന്റെ സിരാകൂടങ്ങളിലേക്ക് ആഴ്ന്നിറങ്ങിക്കൊണ്ടിരിക്കുന്നതും ഇസ്‌ലാമിക പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വർദ്ധിച്ച ഭീഷണിയാണ്. ഭൗതിക പ്രേമവും ഭോഗാസക്തിയും ലൈംഗികസംസ്കാരവും ഇസ്‌ലാമിക ദർശനത്തിന്റെ വേരോട്ടത്തിനു വിഘാതമായിരിക്കും. കമ്യൂണിസ്റ്റ് ഭീഷണിയേക്കാൾ ഒരുവേള കൂടുതൽ മാരകമായ മുതലാളിത്ത ഭീഷണിക്കെതിരിൽ സമൂഹത്തെ ജാഗരൂഗമാക്കാനും അതിന്റെ നീരാളിപ്പിടുത്തത്തിൽനിന്ന് ജനതയെ മോചിപ്പിക്കാനും ശക്തമായ പ്രചാരവേലകൾ സംഘടിപ്പിക്കേണ്ടതുണ്ട്. ഈ രംഗത്ത് നാളിതുവരെയുള്ള സമീപനം മാറ്റിവെച്ച് ഇടതുപക്ഷ വിഭാഗങ്ങളുൾപ്പെടെയുള്ളവരുമായി ചേർന്നു സാധ്യമാവുന്ന കർമപരിപാടികൾ ആവിഷേകരിക്കാനും കഴിയേണ്ടതുണ്ട്. എന്നാൽ കമ്യൂണിസത്തോടുള്ള ആശയസമരത്തിന് ഒട്ടും അയവു വരുത്തിക്കൂടാ.

ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ മുമ്പിലുള്ള മറ്റൊരു മുഖ്യമായ വെല്ലുവിളി സമുദായത്തിന്റെ ആഭ്യന്തര രംഗത്തുനിന്നാണ്. അത് സാമുദായി സംഘടനകൾക്കിടയിലെ അന്തഛിദ്രമത്രെ. സമുദായത്തിന്റെ അസ്തിത്വം പോലും ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഈ സന്നിഗ്ധഘട്ടത്തിലെങ്കിലും ഐക്യവും സാഹോദര്യവും പുലർത്താനുള്ള സന്മനസ്സോ ഹൃദയവിശാലതയോ സമുദായസംഘടനകളുടെ

ഭാഗത്തുനിന്നുണ്ടാവുന്നില്ല. സമുദായ സംഘടനകൾക്കിടയിലെ അന്തഛിദ്രം ഇസ്‌ലാമിനെ സംബന്ധിച്ച മതിപ്പു നഷ്ട പ്പെടുത്താനിടയാക്കും എന്നതോടൊപ്പം പ്രസ്ഥാനത്തിന്റെ ശ്രദ്ധയും ഊർജവും ഭിന്നവിഭാഗങ്ങളിൽ നിന്നുള്ള ആരോപണ ങ്ങൾക്ക് മറുപടി പറയാൻ ചിലവഴിക്കേ ണ്ടിവരികയും ചെയ്യും.

സമുദായത്തിലെ വിഭിന്ന വിഭാഗങ്ങ ളിൽ നിന്നുള്ള അന്ധമായ എതിർപ്പുകളും വിമർശനങ്ങളും ഇപ്പോഴും ശക്തിയായി തന്നെ തുടരുന്നുണ്ടെങ്കിലും അവയുടെ അർഥശൂന്യത ജനം ഏതാണ്ട് മനസ്സിലാ ക്കിക്കഴിഞ്ഞു. മതഭ്രഷ്ടും കുഫ്റ് ഫത്‌വയും ഇന്നാരും വകവെക്കാറില്ല. ജമാ അത്തിനെ യഥാർഥ ഇസ്‌ലാമിക പ്രസ്ഥാ നമെന്ന നിലക്ക് പൊതുവിൽ സമൂഹം അംഗീകരിച്ചുകഴിഞ്ഞിരിക്കുന്നു. ഭരണകൂ ടത്തിന്റെയും രാഷ്ട്രീയപാർട്ടികളുടെയും ഭാഗത്തുനിന്നുള്ള എതിർപ്പുകളും പീഡന ങ്ങളും ഒട്ടൊന്ന് ശമിച്ച മട്ടാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളായി ജമാഅത്തിനെ സംബന്ധിച്ചിടത്തോളം അന്തരീക്ഷം കൂടു തൽ കൂടുതൽ തെളിഞ്ഞുവരികയാണ്. തെറ്റിദ്ധാരണകളുടെ പുകമറ നീങ്ങിക്കൊ ണ്ടിരിക്കുന്നുവെന്നതും ആരോപണങ്ങളുടെ മുന ഒടിഞ്ഞു വരുന്നതും ശ്രദ്ധേയമാണ്. പ്രസ്ഥാനം അതിന്റെ സമീപകാല നയങ്ങ ളിൽ ഇസ്‌ലാമിക പ്രബോധനത്തിന് കൂടു തൽ ഊന്നൽ നൽകിയതും തെരഞ്ഞെടു പ്പിൽ വോട്ടുചെയ്യാൻ തീരുമാനിച്ചതും രാജ്യ നിവാസികളുമായി സമ്പർക്കം പുലർത്താനും പുതിയമേഖലകളിലേക്ക് പ്രസ്ഥാനത്തെ നയിക്കാനും സഹായകമാ യേക്കും. കമ്യൂണിസത്തിന്റെ പതനവും ഭൗതിക പ്രത്യേയശാസ്ത്രങ്ങളുടെ പരാജ യവും പ്രസ്ഥാനത്തിന് അനുകൂലമായ ഘടകങ്ങളാണ്. കഴിഞ്ഞ അമ്പതു വർഷത്തെ ഉജ്ജ്വലമായ പാരമ്പര്യവും തിള ക്കമാർന്ന പരിവേഷവും ജമാഅത്തിനു നല്ല ഒരു ഭാവിയുടെ സാധ്യതകൾ തുറ ന്നുകൊടുക്കാൻ പോന്നതാണ്. ഇന്ത്യയൊ ട്ടുക്കും ശാഖകളും അച്ചടക്കമുള്ള ഒരു പ്രവർത്തക വിഭാഗവും മാനുഷികവും ധാർമികയുമായ വ്യക്തിത്വവും ജമാ അത്തിന് അനുകൂലമായ ഘടകങ്ങളാണ്. ആഗോളതലത്തിൽ ഇസ്‌ലാമിന്റെ ഉയിർത്തെഴുന്നേൽപും ഇറാൻ അഫ്ഗാൻ വിപ്ലവങ്ങളും ലോകമെമ്പാടുമുള്ള ഇസ്‌ലാ മിസ്റ്റുകളുടെ മുന്നേറ്റവും ജമാഅത്തിന്റെ ശബ്ദം ശ്രവിക്കാനും അതിന്റെ പിന്നിൽ ആവേശപൂർവം അണിനിരക്കാനും യുവ ജനങ്ങൾക്ക് പ്രജോദനമേകിയിട്ടുണ്ട്. സോവിയറ്റുയൂനിയന്റെ പതനംവഴി മധ്യേ ഷ്യൻ റിപ്പബ്ലിക്കുകൾ മോചനം നേടിയതു ഇസ്‌ലാമിക സമൂഹത്തിൽ പുതിയ ഉമർവും പ്രത്യാശയും സൃഷ്ടിച്ചിരിക്കുന്നു. കാലത്തിനൊത്തുണർന്ന് കർമബദ്ധരായി രംഗത്തിറങ്ങുന്നപക്ഷം ജമാഅത്തെ ഇസ്‌ലാമിയെ സംബന്ധിച്ചിടത്തോളം അതിന്റെ ചരിത്രത്തിലെ ഏറ്റവും ശുഭോ ദർക്കമായ നാളുകളാണ് വരാനിരിക്കുന്നത്.

രാജ്യത്ത് വർദ്ധിച്ചുവരുന്ന ഫാഷിസ്റ്റു ഭീഷണിയുടെ നേർക്ക് കണ്ണടക്കുന്നത് വസ്തുതകളെ അവഗണിക്കലാവും. എല്ലാ ശുഭാപ്തി പ്രകടനങ്ങൾക്കും മുമ്പിൽ ആർത്തിരമ്പിവരുന്ന വർഗീയ ഫാഷിസ്റ്റു ശക്തികളുടെ മുന്നേറ്റം ഇസ്‌ലാമിക പ്രസ്ഥാനം ഗൗരവപൂർവം തന്നെ കണക്കി ലെടുക്കേണ്ടതുണ്ട്. അത്യന്ത്യം പ്രകോപ നപരമായ പ്രചാരവേലകളുടെ പ്രതികരണ മെന്ന നിലക്ക് മുസ്‌ലിം യുവതയും തീവ്ര മായ മനസ്സുപുലർത്താനിടവരുന്നപക്ഷം അത് ഇസ്‌ലാമിക പ്രസ്ഥാനത്തെ സംബ ന്ധിച്ചിടത്തോളം ഗുണകരമാവില്ല. ചിന്താ ശേഷിയുള്ള യുവജനങ്ങളിലാണ് ഇസ്‌ലാ മിക പ്രസ്ഥാനത്തിന് കൂടുതൽ സ്വാധീനം ചെലുത്താൻ കഴിഞ്ഞിട്ടുള്ളത്. പുതിയ സാഹചര്യത്തിൽ മുസ്‌ലിം യുവത തീവ്ര വാദത്തിലേക്ക് വഴുതി വീഴുന്ന പക്ഷം അതിന്റെ ദോഷം ഇസ്‌ലാമികപ്രസാഥാന ത്തിനായിരിക്കുമെന്നത് തീർച്ച. യുവാക്കൾ അകന്നുപോകാനിടയാക്കുമെന്നു മാത്രമല്ല രാജ്യത്തെ ഹിന്ദു-മുസ്‌ലിം ബന്ധത്തിൽ വരുന്ന മാറ്റം പ്രസ്ഥാനത്തിന്റെ പ്രബോധ നപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധി ക്കുകയും ചെയ്യും. സർവ്വോപരി വർഗീയ ഫാഷിസ്റ്റു ശക്തികൾ അധികാരമേൽക്കാൻ ഇടയാവുന്നപക്ഷം ഇസ്‌ലാമിക പ്രസ്ഥാന ത്തിന്റെ മാർഗം ഏറെ ക്ലിഷ്ടമായേക്കാം.

പുതിയ സാഹചര്യത്തിൽ മുസ്‌ലിം യുവാക്കൾക്ക് ഫലപ്രദമായ മാർഗദർശനം നൽകാനും ബോധവൽക്കരിക്കാനും ശ്രദ്ധി ക്കുന്ന പക്ഷം അവരെ ആരോഗ്യപരമായ വഴികളിലേക്ക് തിരിച്ചുവിടാൻ കഴിഞ്ഞേ ക്കും. യുവജനങ്ങളെ പ്രബോധനപ്രവർത്ത നങ്ങളിൽ ഭാഗഭാക്കാക്കി മുന്നോട്ടുനീങ്ങാൻ സാധിക്കുന്ന പക്ഷം മുന്നിൽ കാണുന്ന വൈതരണികൾ മറകടന്നു മുന്നോട്ടുനീ ങ്ങാനും ശോഭനമായ ഒരു ഭാവികെട്ടിപ്പടു ക്കാനും സാധിക്കുമെന്നത് ഉറപ്പാണ്. ആധുനിക ഭാരതത്തിന്റെ മനഃസാക്ഷിയുടെ തേട്ടമാണത്.